(ഡി) മുതിർന്നവർക്കുള്ള കായിക പരിശീലനത്തിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിലെ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. സ്കൂളുകളിൽ 5-ാം ക്ലാസു മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 2008-09-ൽ 4315-ഉം 2009-10-ൽ 6110-ഉം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കായിക ക്ഷമതാ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ എ.ബി.സി ഗ്രേഡ് ലഭിച്ചവർക്ക് ഏത് കായിക ഇനത്തിലാണോ അഭിരുചി ടി കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതാണ്. കായിക പരിശോധനയിൽ നിലവാരം പുലർത്താൻ കഴിയാത്തവരെ ഈ വർഷം ആരംഭിക്കുന്ന ആരോഗ്യ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള ഫിസിക്കൽ ഫിറ്റ്നസ് മിഷൻ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠിച്ച് നിർദ്ദേശം തയ്യാറാക്കുന്നതിന് ഒരു കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കുട്ടികളിലൂടെ മുതിർന്നവരിൽ ഈ സന്ദേശം എത്തിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ

23 (*233) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) തലശ്ശേരിയിൽ മ്യൂസിയവും സർക്കസ് അക്കാഡമിയും ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) അക്കാഡമിയിൽ ഇപ്പോൾ എത്ര പേർക്ക് പരിശീലനം നൽകുന്നു ;

(ഡി) അവശതയനുഭവിക്കുന്ന സർക്കസ് കലാകാരൻമാർക്കുവേണ്ടി ആവിഷ്കരിച്ച പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രതിമാസ പെൻഷൻ എത്ര രൂപയാണ് ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ&ബി) സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അവശ സർക്കസ് കലാകാരന്മാർക്ക് പ്രതിമാസം 500 രൂപ പെൻഷൻ നൽകിവരുന്നു. തലശ്ശേരിയിലെ എരഞ്ഞോളി പഞ്ചായത്തിൽ സർക്കസ് അക്കാദമി സ്ഥാപിക്കുന്നതിനായി 10 ഏക്കർ 18 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2008-09 സാമ്പത്തിക വർഷം ജില്ലാ കളക്ടർക്ക് 25 ലക്ഷം രൂപ അനുവദിച്ച് നൽകുകയുമുണ്ടായി. തലശ്ശേരി ധർമ്മടത്തെ ചിറക്കുനിയിൽ ഒരു സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് അക്കാദമിയുടെ പ്രവർത്തനം താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്.

(സി) 10 കുട്ടികൾക്ക്.

(ഡി) ഈ പദ്ധതി പ്രകാരം 45 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും (പ്രതിമാസ വരുമാന പരിധി 1500 രൂപ) പ്രതിമാസം 500 രൂപ പെൻഷൻ നൽകിവരുന്നു. സർക്കസ് പ്രകടനത്തിൽ കുറഞ്ഞത് 15 വർഷത്തെ പരിചയം ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കേരളീയരായ സർക്കസ് കലാകാരന്മാർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളൂ. സർക്കസ് പ്രകടനത്തിനിടയിൽ അപകടം സംഭവിച്ചവർക്ക് 15 വർഷത്തെ നിബന്ധന ബാധകമല്ല. അപേക്ഷകൻ/അപേക്ഷക ജനന തീയതിയും, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പെൻഷൻ അർഹത സംബന്ധിച്ച് തഹസിൽദാർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിലവിൽ 1149 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രതിമാസ പെൻഷൻ 500 രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഗാർഹിക പീഡനക്കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

24 (*234) ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നടക്കുന്ന ഗാർഹിക പീഡനക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly